

INSPIRA STUDENTS UNION

# മഴയോർമ്മകൾ

ROYAL DENTAL COLLEGE



പച്ച പടർന്നിറങ്ങിയ ഇടവഴികളുടെ മണവും,
പാതി നനഞ്ഞ മഴയുടെ കുളിരും, പങ്കിട്ടെടുത്ത നെല്ലിക്കയുടെ
മധുരവും , പറയാതെ മറഞ്ഞ പൂക്കാലങ്ങളിലെവിടെയോ,
ഒളിച്ചു വെച്ച വാകപ്പൂക്കളും,

അങ്ങനെ, ഒടുക്കമറ്റ എത്രയെത്ര
ഓർമ്മപ്പെയ്ത്തുകൾക്കുടമയാണ്
ഓരോ മനുഷ്യനും....!!

# Editorial Board

Staff Cordinator



Dr Anzil K.S Ali

Staff Editor



Sandeep Agnisharman

Student Editor



Shadha Fathima



Jazeel Muhammed



Aswathy Ramdas



Sabna



Syamily



Mariyam Yusriya



Krishna



Fathima Febin



Anusree

മഴയോർമ്മകൾ

# ഉള്ളടക്കം


05 വേനലിലും വസന്തമാകുന്നവർ
വൈഖരി

06 കാടിന്റെ മക്കൾ
അഭിനയ രാജ്

08 ഗതിചലനം
ലയോഷ

09 മനസ്സിലെ നീരുറവകളിൽ കളിവഞ്ചിയൊഴുക്കുന്നവർക്ക്
വൈഖരി

10 കുടിയേറ്റം
ഫാസിറ

12 ബെഡ്ഷീറ്റ്
ഹിബ.വി.എം

13 പറയാൻ ബാക്കിവെച്ചത്
പ്രിയ രാജ്

15 അഭയാർത്ഥികൾ
ഹിബ ഹമീദ്

17 തിരിച്ചുകിട്ടാത്ത നിമിഷങ്ങൾ
വഫ

21 ഉപദേശം
ഡോ.മനീഷ് അഹമ്മദ്

23 മഴയാകുന്നവർ
ഡോ.രതീഷ്

24 മോളെവിടെ
നാജിയ

26 ചില പണി പാളിയ നിമിഷങ്ങൾ
സിൻസിയ

28 ഇരുൾവെളിച്ചം
ചിന്തകൾ പൂക്കുന്നിടം

29 യാത്ര
അമലുപ്രിയ

31 സൂര്യനെ അണിഞ്ഞ സ്ത്രീ



Dr Anzil K. S Ali

Staff coordinator

മാഗസിൻ എന്ന സ്വപ്നത്തിനു വേണ്ടി
അഹോരാത്രം പ്രയത്നിച്ച ഒരു കൂട്ടം
വിദ്യാർത്ഥികളുടെ വിജയത്തിന്റെ
സാക്ഷാത്കാരമാണ് മഴയോർമ്മകൾ.
വെറുമൊരു സ്വപ്നം എന്ന ലേബലിൽ
ഒതുങ്ങേണ്ടിയിരുന്ന ഒന്നിനെ
യാഥാർത്ഥ്യമാക്കിയ എഡിറ്റോറിയൽ
ബോർഡിനും, ഇതിനു പിന്നിൽ പ്രവർത്തിച്ച
ഓരോരുത്തർക്കും അഭിനന്ദനങ്ങൾ. ഈ
സ്വപ്ന സാക്ഷാത്കാരത്തിന്റെ ഭാഗമാകാൻ
കഴിഞ്ഞതിൽ അത്യധികം സന്തോഷം.

എന്റെ എല്ലാവിധ ഭാവുകങ്ങളും...



# വേനലിലും വസന്തമാകുന്നവർ

ചിലരുണ്ട്....
മഴയുടെ കുളിരും,
വസന്തത്തിന്റെ ചുവപ്പും
ചിന്തകളിലൊളിപ്പിക്കുന്നവർ...
അപൂർണതയെ വാരിപ്പുണർന്ന്
ആകാശം തീർക്കുന്നവർ...
വാക്കുകൾക്കിടയിലൂടെ,
സ്വപ്നങ്ങൾക്ക് നിറം പകരുന്നവർ...
നഷ്ടപ്പെട്ടാൽ,
പകരം വെക്കാനാകാത്ത വിധം
മനസ്സിൽ വേരുകളാഴ്ത്തുന്നവർ....

വൈഖരി



# കാടിന്റെ മക്കൾ

അഭിനയ രാജ്

വനലതാദികൾ വകഞ്ഞുമാറ്റി,
തോളിലെ ഭാണ്ഡം മുറുക്കി,
മലയിറങ്ങുമ്പോഴാ കുറവന്റെ
നെഞ്ചൊന്നു വിങ്ങി, കണ്ണുകൾ നീർപൊഴിച്ചു

തന്റെ ബാല്യകൗമാരയൗവ്വനമൊരു
തിരശ്ശീലയിലെന്നപോൽ മിന്നിമായുന്നു

സ്വന്തവും ബന്ധവും ഉറ്റവരുമായി
ഞാനെന്നോ നീയെന്നോ അല്ലാതെ
നമ്മളായി ജീവിച്ചിരുന്ന ഒരു ജനതയുടെ നിസ്സഹായത !!

പഴങ്ങൾ ശേഖരിച്ചും, ഒത്തൊരുമിച്ച്
ഉണ്ടും ഉറങ്ങിയും, കളികളും
കൊഞ്ചലുകളുമായ് കഴിഞ്ഞിരുന്ന കാലം,

കൂടെയുള്ളവന്റെ സുഖദു:ഖങ്ങൾ,
സ്വന്തമായ് കരുതി, നല്ലൊരു നാളെ പ്രതീക്ഷിച്ചിരിക്കവേ,
നിനയാതെ വന്നു ചേർന്നൊരാ ദുരന്തം

നാടിൻ വികസനത്തിൻ ബലിയാടുകൾ ഞങ്ങൾ
ഏതേതുമറിയാത്ത കാടിന്റെ മക്കൾ !!

ചോരയും നീരും വറ്റി ഒരായുസ്സിൻ ഫലമായി
കെട്ടിപ്പൊക്കിയ പുരയിടങ്ങൾ നിലതെറ്റി വീഴുമ്പോൾ,
അവരുടെ കണ്ഠമിടറി....
തൻ പിഞ്ചുപൈതങ്ങളെ കൈകളിലേന്തി
വഴിനീളെ നീങ്ങവേ,
ഇനിയൊരു നല്ല നാളേക്കു വേണ്ടിയുള്ളവന്റെ
പ്രതീക്ഷകൾക്ക് അറുതി വന്നു തുടങ്ങിയിരുന്നു

വീണ്ടും വീണ്ടും പിന്തിരിഞ്ഞു നോക്കവേ,
ഇത്രയും മിഥ്യയാവണേയെന്നവന്റെ മനസ്സ്
വൃഥാ ആശിച്ചു....!

നാടിൻ വികസനത്തിൻ ബലിയാടുകൾ ഞങ്ങൾ,
ഏതേതുമറിയാത്ത കാടിന്റെ മക്കൾ !!

# ഗതിചലനം

ലയോഷ

സമുദ്രത്തിൽ നിന്നുറവയെടുക്കുമാ
അംഭസിനെന്ന പോൽ ഗതിചലിക്കവേ
ഒന്നിൽ നിന്നായ് തുടങ്ങീ മറ്റൊന്നിലേ
ക്കെങ്ങനെയോ നീങ്ങിയെത്തീടിലിതാ!
ഒരു വീണ പൂവിന്റെ ഗദ്ഗദം കാതി
ലേക്കരുമയോടെത്തിച്ച പോൽ
യൗവ്വന കാലമിതെങ്ങു പോയി?
കുരുവിക്ക് വാഴക്കൈ അലിവോടെ
നൽകിയ കവിവരൻ തന്നതെങ്ങുപോയി?

ചെറുശ്ശേരി കാർവർണഗാഥകൾ ചൊല്ലിയ
നിറവോടെ പാടിയ പാട്ടിതെങ്ങുപോയി?
ചിരിയുടെ തിരകളുയർത്തുവാൻ
കുഞ്ചനും നിറവോടെ ചൊല്ലിയതെങ്ങുപോയി?
നവനീതമെന്നപോൽ നാം തൻ നാവി
ലിറ്റുമീ നറുപയസ്തന്യയീ
മാതൃത്വമിന്നെവിടെയായി?

അഭിനവ രാജന്മാർ അശ്വമേധത്തിനായ്
ആംഗലേയത്തെ തുറന്നുവിട്ടതിന്നെവിടെയോ?
നിയതിതൻ കൈയ്യാൽ മെനഞ്ഞതാം ധനനിയെ
സുഭഗയെ കാട്ടിൽ തനിച്ചു വിട്ട്,
ഇവിടാരുമില്ലാ തളയ്ക്കുവാൻ എന്നപോൽ
എവിടെയോ ചീർക്കുന്നു നാമിതെല്ലാം

അതിലെനിക്കില്ലൊരു സങ്കടമിന്നാളും
അവനിയിൽ ജീവിച്ചതാരുവാൻ താൻ
ഇനിയെന്റെ ദേശവും സ്വപ്നവും
ഇനിയുമെത്താതെ കുടിയൊഴിക്കവേ
അവിടെയെൻ ജന്മവും സത്യവും
തത്വവും അവനിൽ നിന്നും മറഞ്ഞുപോട്ടെ!
പഴമയിൽ നിന്നുമീ വർത്തമാനത്തിലെത്തവേ
നമ്മളിന്നിതാരൊക്കെയായ് മറഞ്ഞു!



# മനസ്സിലെ നീരുറവകളിൽ കളിവഞ്ചിയൊഴുക്കുന്നവർക്ക്

ഉപ്പുപ്പാ .
കെട്ടിച്ചു കഴിഞ്ഞാൽ
മയകൊള്ളാനൊക്കൂലേ..?`
''അതെന്താ പാത്തുട്ടി
ഇയ്യ് അങ്ങനെ ചോയിച്ചെ?`
`ഞാനും ഇത്തയും മയേത്ത് കളിച്ചപ്പോ
ഉമ്മി ഇത്തേയിനെ ചീത്ത പറഞ്ഞല്ലോ,
കെട്ടിക്കാനായ പെണ്ണാ പറഞ്ഞിട്ട്...
അങ്ങനെങ്കിൽ ഇന്നെ കെട്ടിക്കണ്ടാട്ടോ....
ഇനിക്ക് മയ പെരുത്ത് ഇഷ്ടാ ...

വൈഖരി



# കുടിയേറ്റം

ഫാസിറ

എന്നിലെയാത്മാവിനെ കുടിച്ചുവറ്റിച്ചവനെ ,
മാപ്പുനൽകുക നീയെനിക്ക്.
എൻ ഹൃദയത്തിൽ കുടിയേറിപ്പാർക്കാൻ
നിനക്കൊരിടം അനുവദിച്ചുതന്നതിന്.
ഒരു കളിപ്പാട്ടം നിലത്തുവച്ചരയ്ക്കുന്ന പോൽ
എൻ സ്വപ്നങ്ങളെയെല്ലാം നീയരച്ചില്ലയോ;
തണുത്തു വിറച്ച എൻ ശരീരത്തെയും
ഞാൻ മാത്രമായിരുന്നോ നിനക്ക് തെറ്റ്?
എന്നുടുപ്പിനുള്ളിൽ ഞാൻ ഒളിപ്പിച്ച
എൻ മേനിയിൽ ഉന്മാദം കൊള്ളുമ്പോൾ
ഒരു തെറ്റും നിനക്ക് കാണാൻ കഴിഞ്ഞില്ലയോ?
നിന്റെ നഖങ്ങൾ മുറിവേറ്റത്
എൻ മാറിടത്തിനായിരുന്നില്ല,
മാറിനുള്ളിൽ ഞാൻ മറച്ച
എൻ ഹൃദയത്തിനായിരുന്നു .
മറ്റൊരു പുഷ്പത്തിന്റെ സുഗന്ധത്താൽ
നീയന്ധനായി മാറിയപ്പോൾ
ചിറകുകൾ നഷ്ടമായത് എന്റെ ;
നമ്മുടെ സ്വപ്നങ്ങൾക്കായിരുന്നു .
എൻ ഹൃദയത്തിൽ കുടിയേറിപ്പാർക്കാൻ
നിനക്കൊരിടം തന്ന **ഈ മഹാപാപിക്ക്**
**മാപ്പു നൽകുക നീ !**



# ബെഡ്ഷീറ്റ്

ആശുപത്രി കിടക്കയിലേക്ക് ഞാനും
അവളും ഒന്നിച്ചു യാത്രയായി....
അന്ന് ഞങ്ങളിരുവർക്കും
നിറഞ്ഞ യൗവ്വനം ആയിരുന്നു....
ഒരേ തീക്ഷ്ണതയും....
അവളുടെ രക്തവും വിയർപ്പും
എന്നെ ഈർപ്പമുള്ളതാക്കി.
ഒടുവിൽ അവളുടെ അന്ത്യനിശ്വാസവും
ഞാൻ ഏറ്റുവാങ്ങി .
പിന്നീട് അറ്റം പിന്നിയ ഞാൻ
കുപ്പതൊട്ടിയിലേക്കും, അവൾ
കുഴിമാടത്തിലേക്കും യാത്രയായി....

ഹിബ.വി.എം



# പറയാൻ ബാക്കിവെച്ചത്

പ്രിയ രാജ്

ഒരു വർഷകാലം പുറത്ത് ചെറുതായി  മഴ പെയ്യുന്നുണ്ട്. പതിവുപോലെ നീലിമ ഹോസ്പിറ്റലിലേക്ക് പോകുവാൻ തയ്യാറെടുക്കുകയാണ്.

നീലിമ ഇപ്പോൾ മൂവാറ്റുപുഴക്കടുത്തു മാതാപിതാക്കളോടൊത്താണ് താമസം. നഗരത്തിലെ പ്രമുഖ ഹോസ്പിറ്റലിലെ ധന്തരോഗവിദഗ്ധയാണ്. ഭർത്താവ് രോഹിത് ദുബായിൽ ഒരു കൺസ്ട്രക്ഷൻ കമ്പനി നടത്തുന്നു. ഏക മകളായ ദേവു രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു.

പുറത്തേക്കിറങ്ങാൻ നേരം അന്നത്തെ പത്രത്തിലെ മുൻ പേജിലൂടെ അവൾ കണ്ണോടിച്ചു. കോഴിക്കോട് മാനാഞ്ചിറക്കടുത്തു കാറപകടം. യുവഡോക്ടർ മരണപ്പെട്ടു. ഫോട്ടോയിലേക്കവൾ സൂക്ഷിച്ചു നോക്കി. പരിചയമുള്ള മുഖം. അതെ, ആറേഴുവർഷങ്ങൾക്ക് മുമ്പ് തന്റെ കൂടെ പഠിച്ച മിഥുൻ ആണത്.

കാറിലിരിക്കുമ്പോൾ മിഥുനെകുറിച് ഓർത്തെടുത്തു. തിരുവനന്തപുരം ഡെന്റൽ കോളേജിൽ BDS നു പഠിക്കുന്ന കാലം. ക്ലാസ്സിൽ അടക്കവും ഒതുക്കവും ഉള്ള വിദ്യാർത്ഥി ആയിരുന്നു മിഥുൻ. പെൺകുട്ടികളുമായി അധികം സംസാരിക്കാറില്ലെങ്കിലും ആൺകുട്ടികളിൽ ഒരുപിടി സുഹൃത്തുക്കൾ ഉണ്ടായിരുന്നു.

കോളേജിൽ ചേർന്ന് കുറച്ചു ദിവസങ്ങൾക്കു ശേഷം മിഥുൻ തന്നെ പരിചയപ്പെടാൻ വന്നത് ഇന്നും ഓർക്കുന്നു.ക്ലാസ്സിൽ മലബാർ ഭാഗത്തു നിന്നുള്ളവർ വളരെ കുറവായിരുന്നു. പലപ്പോഴും ഞങ്ങൾ നാട്ടിലെ കാര്യങ്ങളെ കുറിച്ചും, വീട്ടുകാര്യങ്ങളെ കുറിച്ചും സംസാരിക്കുമായിരുന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം ഞങ്ങൾ നല്ല സുഹൃത്തുക്കളായി മാറി.

ആയിടക്ക് ഞാനും മിഥുനും സ്നേഹത്തിലാണെന്ന അഭ്യൂഹം പരന്നിരുന്നു. ഞാനതിനെപ്പറ്റി ചോദിച്ചപ്പോൾ അത് കാര്യമാക്കേണ്ടെന്നും വെറുതെ പറയുകയാണെന്നും മിഥുൻ പറഞ്ഞു. പിന്നെ പതുക്കെ പതുക്കെ മിഥുൻ തന്നോട് സംസാരിക്കാതെയായി. എന്തോ, ഞാനും അങ്ങോട്ട് മിണ്ടാതെയായി. ഹോസ്പിറ്റലിൽ എത്തി. OP റൂമിലിരിക്കുമ്പോളും മിഥുനെക്കുറിച്ചായിരുന്നു ചിന്ത.

ഒന്നാം വർഷം കഴിഞ്ഞു. രണ്ടാം വർഷം ആയിട്ടും ഞങ്ങൾ അധികം സംസാരിച്ചില്ല. കണ്ടാൽ ഒരു ചിരിമാത്രം. ആദ്യമൊക്കെ നന്നായി പഠിച്ചിരുന്ന അവൻ പിന്നീട് ഉഴപ്പാൻ തുടങ്ങി. ക്ലാസ്സിൽ പലപ്പോഴും വരാറില്ലായിരുന്നു. രണ്ടാം വർഷ പരീക്ഷയിൽ റിസൾട് വന്നപ്പോൾ ഞാൻ ക്ലാസ്സിൽ ഒന്നാമതായി. പിറ്റേന്ന് മിഥുൻ ക്ലാസ്സിൽ വന്ന് എന്റെ നേരെ ഒരു കവർ വച്ചു നീട്ടി. നീലിമക്ക് എന്റെ വക ഒരു സമ്മാനം. ഞാൻ അതുവാങ്ങി നന്ദി പറഞ്ഞു. മറ്റൊന്നും മിണ്ടാതെ അവൻ തിരിഞ്ഞു നടന്നു. കവർ തുറന്ന് നോക്കിയപ്പോൾ പ്രകൃതിരമണീയമായ ചിത്രങ്ങൾ വരച്ചുചേർത്ത ഫ്രെയിം ചെയ്ത പെയിന്റിംഗ്.

കാലം കുറെ കഴിഞ്ഞു. പഠനം പൂർത്തിയായി. ഞങ്ങളുടെ ബാച്ചിലെ എല്ലാവരും ഒരുമിച്ചുകൂടി. എല്ലാവരും പിരിയുകയാണ്. കഴിഞ്ഞ അഞ്ചുകൊല്ലം എന്തുരസമായിരുന്നു... കളിയും, ചിരിയും, പിണക്കവും അതിനിടയിൽ പ്രണയവും. എല്ലാം രസകരമായ ഓർമകളായിരുന്നു. മിഥുൻ അന്ന് തന്നോട് ഒരുപാട് സംസാരിച്ചിരുന്നു. അവന്റെ സ്വപ്നങ്ങളെ കുറിച്ചു പറഞ്ഞു. എന്റെ സ്വപ്നങ്ങളെ കുറിച്ച് അവനോടും പറഞ്ഞിരുന്നു. എന്തോ പറയാൻ തുനിഞ്ഞെങ്കിലും അത് മുഴുമിപ്പിക്കാതെ അവൻ തിരിഞ്ഞു നടന്നു.

വൈകുന്നേരമായി OP യിലെ തിരക്കൊക്കെ കുറഞ്ഞു. ഇറങ്ങാൻ നേരം മൊബൈൽ അടിച്ചു. തന്റെ കൂടെ പഠിച്ച അലക്സ് ആയിരുന്നു അത് കുറെ കാലങ്ങൾക്ക് ശേഷമായിരുന്നു വിളിക്കുന്നത്. മിഥുന്റെ സംസ്കാരത്തിൽ പങ്കെടുക്കാൻ കോഴിക്കോട് എത്തിയതാണ്. നാളെ നേരിട്ട് ഹോസ്പിറ്റലിൽ വച്ചു കാണാമെന്നു പറഞ്ഞു ഫോൺ കട്ടാക്കി.

പിറ്റേന്ന് നേരത്തെ തന്നെ നീലിമ ഹോസ്പിറ്റലിൽ എത്തി. അവിടെ അലക്സ് കാത്തുനിൽക്കുന്നുണ്ടായിരുന്നു. രോഗികളാരും എത്തിയില്ല. അലക്സിനെ അവൾ OP യിലേക്ക് വിളിച്ചു. കോളേജ് കാലത്തെ ഓർമ്മകൾ അവർ പങ്കുവെച്ചു. മിഥുൻ തന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു. അവന്റെ മരണം ഒരു തീരാനഷ്ടമാണ്. നീലിമയെ കുറിച് അവൻ ഒരുപാട് പറയുമായിരുന്നു. അവൻ എല്ലാം എന്നോട് പറയുമായിരുന്നു. എന്ത്..? നീലിമ ഇടയ്ക്കു കയറി ചോദിച്ചു. നീലിമയെ അവനൊരുപാട് ഇഷ്ടമായിരുന്നു. നിന്നെ ആദ്യമായി കണ്ടപ്പൊത്തന്നെ അവൻ എന്നോടത് പറഞ്ഞിരുന്നു. പക്ഷെ നിന്നോട് തുറന്ന് പറയാൻ അവനു ധൈര്യം ഉണ്ടായിരുന്നില്ല. കാരണം നിന്റെ നിലവാരത്തിലേക്ക് എത്താൻ കഴിയില്ലാന്ന് അവൻ കരുതി. മാത്രമല്ല നിന്റെ ജീവിതത്തിൽ ഒരു തടസ്സമയികൂടാ എന്ന് അവനു തോന്നി. അവൻ എല്ലാം മനസ്സിൽ വച്ചു.

നീലിമ ഇതുകേട്ട് എന്തോ പറയണമെന്ന് പോലെ നിന്നു. മിഥുൻ തന്നോട് ഇതേപറ്റി ഒന്നും പറഞ്ഞിരുന്നില്ല. അഥവാ പറഞ്ഞാലും താൻ സമ്മതിക്കുമായിരുന്നില്ല. ആലോചനക്കിടയിൽ അലക്സ് പറഞ്ഞു. താൻ അതാലോചിച്ച് വിഷമിക്കണ്ട. കഴിഞ്ഞതെല്ലാം കഴിഞ്ഞു. നമുക്ക് അവന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കാം. അവന്റെ കുടുംബത്തെ സഹായിക്കുകയും അവർക്ക് വേണ്ട സഹായം ചെയ്യുകയും ചെയ്യാം എന്ന് പറഞ്ഞു അലക്സ് ഇറങ്ങി.

ഹോസ്പിറ്റലിൽ നിന്നും നീലിമ പതിവിലും നേരത്തെ ഇറങ്ങി. കാറിലിരിക്കുമ്പോൾ അവളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. മിഥുനിനെ അവസാനമായി ഒന്ന് കാണാൻ കഴിയാത്തതിൽ അവൾക്ക് അതിയായ ദു:ഖം തോന്നി. കോളേജ് കാലത്തെ ഓരോ നിമിഷവും മനസ്സിലൂടെ കടന്നുപോയി. മിഥുൻ തന്ന സമ്മാനത്തെക്കുറിച്ചു അവൾ ഓർത്തു.

വീട്ടിലെത്തിയ ഉടനെ അവൾ അലമാര തുറന്നു. മിഥുൻ തന്ന പെയിന്റിംഗ് എടുത്തതും കയ്യിൽനിന്നും അത് വഴുതി താഴെ വീണു പൊട്ടിച്ചിതറിയിരുന്നു. അതുപെറുക്കി എടുക്കുന്നതിനിടയിൽ ഫ്രെയിമിൽ നിന്നും താഴെ വീണ ഒരു കടലാസ് കഷ്ണം അവളുടെ ശ്രദ്ധയിൽ പെട്ടു. അവൾ അതെടുത്തുനോക്കി.. അതിലിങ്ങനെ എഴുതിയിരുന്നു 'ഇഷ്ടമായിരുന്നു ഒരുപാട്...'

# അഭയാർത്ഥികൾ

ഹിബ ഹമീദ്



വളരെ അപ്രതീക്ഷിതമായാണ്
ഞാൻ എന്ന സത്യം ആറടി മണ്ണിനോട് ചേർന്നത്....
ജനിച്ച അന്നുമുതൽ ജീർണ്ണിക്കാൻ നിയോഗിക്കപ്പെട്ട
മറ്റൊരു മനുഷ്യ ശരീരം....
അറപ്പുളവാക്കുന്ന ഇഴജന്തുക്കൾക്ക്
ദിവസങ്ങളോളം വയറു നിറയ്ക്കാൻ
വേണ്ടിയൊരു വിഭവമായി ഞാൻ....
ചിലരുടെ മങ്ങിയ ഓർമ്മകളും,
മറ്റ് ചിലരുടെ ഓർക്കാത്ത ഓർമ്മകളും മാത്രമായി...
അതും താൽക്കാലികം.
പിന്നീട് അവരും ആറടി മണ്ണിനോട് ചേരും....
ഒരു തരി മണ്ണു പോലും എനിക്ക് അവകാശപ്പെടാനില്ല....
ഞാൻ കിടന്ന മണ്ണ് മറ്റൊരാളുടേതായി കഴിഞ്ഞു.
എന്തിനായിരുന്നു ഞാൻ?
ആരായിരുന്നു ഞാൻ?





# തിരിച്ചുകിട്ടാത്ത നിമിഷങ്ങൾ

വഫ

ജോലി കഴിഞ്ഞ് ക്ഷീണിച്ച അച്ഛൻ സ്കൂട്ടറിൽ തന്റെ ഗേറ്റ് കടക്കുമ്പോൾ കാണുന്നത് വീടിന്റെ മുമ്പിൽ ഒരാൾക്കൂട്ടമാണ്. 'ഇതെന്താ ഇവിടെ ഒരാൾക്കൂട്ടം 'അയാൾ മനസ്സിൽ പറഞ്ഞു. പല പല ചിന്തകൾ അയാളുടെ മനസ്സിലൂടെ കടന്നുപോയി .

കൂടിനിന്ന ആളുകളെ മാറ്റി അയാൾ ദൃതിയിൽ ഉള്ളിലേക്ക് നടന്നു . "മറിയേ... നീ എന്തിനാ കരയുന്നെ? നമ്മടെ മോളെവിടെ?' ഇവിടെ എന്താ ഒരാൾക്കൂട്ടം!'

മറിയ കരഞ്ഞുകൊണ്ടേയിരുന്നു .

'നീ ഈ കരച്ചിൽ നിർത്തി കാര്യം പറ എന്റെ മറിയെ! '

ഒരു നെടുവീർപ്പോടെ അവൾ പറഞ്ഞു ' മോളെ കാണുന്നില്ല , അവൾ തിരിച്ചെത്തിയില്ല '.

അതുകേട്ടതും പാപ്പച്ചൻ അവിടെ ഇരുന്ന കസേരയുടെ കയ്യിൽ പിടിച്ച് ചുമരിൽ തടഞ്ഞ് പുറത്തേക്കോടി .കൂടെ തന്റെ ചങ്ങാതി വിജയനും .

അയാളുടെ കണ്ണുകൾ കണ്ണീരാൽ നിറഞ്ഞു കവിഞ്ഞു. തന്റെ മകളെ എന്തായാലും കണ്ടെത്തും എന്ന ലക്ഷ്യത്തോടെ അയാൾ ഇറങ്ങി.

അവർ പോലീസ് സ്റ്റേഷനിൽ എത്തി . 'പരാതി എഴുതി പൊക്കോ ഞങ്ങൾ അന്വേഷിക്കാം' എന്ന വാക്കുകൾ പാപ്പച്ചന് പോരായിരുന്നു .

അവളുടെ കൂട്ടുകാർക്കും അദ്ധ്യാപകർക്കും വിളിച്ചു. സ്കൂൾ പിരിഞ്ഞപ്പോൾ എന്നത്തേയും പോലെ അവൾ പോയി " എന്നവർ പറഞ്ഞു .

ഇനിയെന്തെന്ന് ആലോചിച്ചുനിന്ന പാപ്പച്ചനെ തേടി ഒരു കാൾ.. രണ്ടാമതൊന്നും ചിന്തിക്കാതെ അയാൾ അതെടുത്തു .

'ഇവിടെ ഒരു ബോഡി കണ്ടെടുത്തിട്ടുണ്ട് ,ചെറിയ പ്രായമാണ് , നിങ്ങളുടെ മോളാണോ എന്ന് വന്നുറപ്പിക്കു'.

ബാക്കി കേൾക്കാനുള്ള ശേഷി ഇല്ലാതെ അയാൾ തലകറങ്ങുന്നുവെന്നോളം നിലത്തിരുന്നു .

' പോലീസ് ഏമാൻ എന്താ പറഞ്ഞെ?!' വിജയൻ ചോദിച്ചു

'എനിക്കാവുന്നില്ലെടാ!' എന്നു പറഞ്ഞുകൊണ്ട് അയാൾ പൊട്ടിക്കരഞ്ഞു .

'നീ കാര്യം പറയെടാ! '

' പോലീസിന് ഒരു ബോഡി കിട്ടിയിട്ടുണ്ട് മോളുടെ പ്രായം പറഞ്ഞു '

'അതുറപ്പിക്കാൻ ആയില്ലല്ലോ നീ വാ നമുക്ക് അവിടം വരെ ഒന്ന് പോയിനോക്കാം'

എന്ന് വിജയൻ സമാധാനത്തോടെ പറഞ്ഞു .

' വിജയാ, നീ ഒന്ന് നോക്കിയിട്ട് വാ , എനിക്ക് ആവുന്നില്ലടാ '

'ആഹ്.. ഞാൻ പോകാം നീ ഇവിടെ നിൽക്ക് '

വിജയൻ പോയി , ആ മുഖം കണ്ടു .

കുനിഞ്ഞു മരത്തോട് ചാരിനിൽക്കുന്ന പാപ്പച്ചന്റെ അടുത്തേക്ക് വിജയൻ വന്നു.

ഉത്തരത്തിനെന്നോളം കാത്തുനിൽക്കുന്ന ആ കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് വിജയൻ പറഞ്ഞു .

'അത് നമ്മുടെ മോളല്ല '

ചെറിയൊരു നെടുവീർപ്പിട്ട് ഇനി എവിടെ എന്നറിയാതെ നിൽക്കുന്ന അവരുടെ അടുത്തേക്ക് ദൂരെ നിന്നൊരാൾ ഓടി വരുന്നു .

'പാപ്പച്ചാ , നിങ്ങടെ മോള് സിറ്റി ആശുപത്രിയിൽ ഉണ്ടെന്ന് കേട്ടു '

ഇതറിഞ്ഞതും വാസുവിന്റെ ഓട്ടോയിൽ മൂവരും ആശുപത്രിയിലെക്ക് തിരിച്ചു .
അവിടെ എത്തിയതും ചാടി ഇറങ്ങി മോളുടെ വിവരം ചോദിച്ചു .
ആരോ അവളെ ഇടിച്ചിട്ട് പോയി എന്നാണ് അവർ അറിഞ്ഞത് .
പാപ്പച്ചൻ മുകളിലെ നിലയിലേക്ക് ഓടിയെത്തി .
'എന്റെ മോൾ !...'
ഐ.സി.യു വിന്റെ ചില്ലുകളിലൂടെ പാപ്പച്ചൻ കണ്ടത് അദ്ദേഹത്തിന് തികച്ചും ഉൾകൊള്ളാൻ കഴിയാത്ത ഒന്നായിരുന്നു .
'എന്റെ പൊന്നുമോൾ ഇതെന്തു ചെയ്തിട്ടാ ദൈവമേ '
വാതിൽ തുറക്കുന്ന ശബ്ദം കേട്ട് പാപ്പച്ചൻ എണ്ണീറ്റു.
' ഡോക്ടറെ എന്റെ മോൾ !'
'നിങ്ങളുടെ മോളുടെ അവസ്ഥ ഇപ്പോഴും പറയാൻ ആയിട്ടില്ല . നിങ്ങൾ ദൈവത്തോട് പറയൂ .'
താൻ അറിഞ്ഞവിവരം എങ്ങനെ മറിയയെ പറഞ്ഞു മനസ്സിലാക്കും എന്നറിയാതെ അദ്ദേഹത്തിന്റെ മനസ്സ് വിങ്ങി.
തത്കാലം ഒന്നും മറിയ അറിയണ്ട എന്നതായിരുന്നു വിജയൻറെ നിലപാട് .
'അവളിതെങ്ങെനെ ആയാലും അറിയില്ലേ വിജയാ.. '
'മറിയചേച്ചിക്ക് ഇത് ഉൾകൊള്ളാൻ കഴിയണം എന്നില്ലല്ലോ ചേട്ടാ.
തന്റെ മകൾക്കിതെന്തുപറ്റി എന്നറിയാതെ ആ അമ്മ മനസ്സ് പിടയുകയായിരിന്നു
നിങ്ങൾ തത്കാലം , വഴിയിൽ നിന്ന് വീണു പരിക്ക്പറ്റി ആശുപത്രിയിൽ ആണെന്നുപറ
അപ്പോൾ അപ്പുറത്തെ വീട്ടിലെ ഷീല ഓടിവന്നു .
' മറിയേ... നിന്നെ വിളിക്കുന്നു ഫോണിൽ '.
മറിയ അവിടെനിന്നു നിമിഷനേരം കൊണ്ട് അപ്പുറത്തെ വീട്ടിലെത്തി .
' മോളെവിടെ എന്നറിഞ്ഞോ ?' എന്ന് പറഞ്ഞ് കരയാൻ തുടങ്ങി .
' നീ കരയല്ലെടി മറിയേ. മോളെ കിട്ടിയിട്ടുണ്ട് , സ്കൂളിൽ നിന്നൊന്ന് ചെറുതായി വീണതാണ് ,ഞങ്ങൾ ആശുപത്രിയിലാണ്.
പേടിക്കാനായി ഒന്നുമില്ല . ഞങ്ങൾ കുറച്ചു സമയത്തിനുള്ളിൽ എത്തും '.
പാപ്പച്ചന്റെ വാക്കുകൾ മറിയയ്ക്ക് ഒരാശ്വാസമായി .
അവൾ സമാധാനത്തോടെ നടന്നത് എല്ലാവരോടും പറഞ്ഞു. എല്ലാവരും പിരിഞ്ഞുപോയി .
തന്റെ ഭാര്യയോട് നുണ പറയേണ്ടി വന്നല്ലോ എന്ന സങ്കടവും,
അപ്പുറത്ത് മകൾക്ക് എന്താവും എന്നറിയാത്ത അവസ്ഥയും . എത്ര നേരം ഭാര്യയോട് കള്ളം പറഞ്ഞു തള്ളിനീക്കും ! ഇങ്ങനെ. ഒരുപാട് ചോദ്യങ്ങൾ ഉണ്ടായിരുന്നു അയാളുടെ മനസ്സിൽ .
ആശുപത്രി കസേരയിൽ ചാരി ഇരുന്ന അയാൾ അറിയാതെ കണ്ണടച്ചു.
തന്റെ മകളുടെ ഓർമകൾ മുന്നിലൂടെ കടന്നുപോയി .
ജനിച്ചപ്പോൾ മുതൽ നക്ഷത്രങ്ങൾ നോക്കി അവൾ പറഞ്ഞ
അവളുടെ സ്വപ്നങ്ങൾ വരെ ഓടിമറഞ്ഞു പാപ്പച്ചന്റെ മുന്നിലൂടെ .
'പാപ്പച്ചാ ..'
വിജയൻ തട്ടിവിളിച്ചു
'ആഹ് വിജയാ ... എന്തായി ?'
' മോൾക്ക് ബോധം വന്നു പാപ്പച്ചാ ..നിന്നെ അന്വേഷിച്ചു !'
'ഏഹ് ....എന്റെ മോളോ !'
പാപ്പച്ചൻ മോളെടുത്തേക്ക് ഓടി .. വാതിൽ തുറന്ന് അകത്തേക്ക് കയറി .
'മോളേ ..'
'അപ്പച്ചാ ..' എന്ന് ചെറിയ സ്വരത്തിൽ അവൾ പറഞ്ഞു .
' അപ്പച്ചന്റെ മോൾക്ക് ഇതെന്ത് പറ്റിയതാ എന്ന് പറഞ്ഞുകൊണ്ട് പാപ്പച്ചന്റെ കണ്ണിൽ നിന്ന് ഒരിറ്റ് കണ്ണുനീർ വീണു .
'അപ്പച്ചാ .... ഞാൻ സ്കൂൾ വിട്ടു വന്നപ്പോ ...'
' മോള് ബുദ്ധിമുട്ടണ്ട പിന്നെ പറയാം '
' അല്ല അപ്പച്ചാ ഞാൻ പറയാ '
' ഞാൻ വഴിയിൽ ആരുമില്ലാത്ത ഒരു പട്ടികുട്ടിയെ കണ്ടു.
അതെങ്ങോട്ട് തിരിയണം എന്നറിയാതെ നിന്നപ്പോൾ എനിക്ക് പാവം തോന്നി.
ഞാൻ രക്ഷിച്ച് തിരിച്ചു കൊണ്ടുവരുന്ന വഴിയിൽ ഒരു വണ്ടി എന്നെ വന്നിടിച്ചു '.
'പിന്നെ ആരോ എന്നെ ഇവിടെ എത്തിച്ചു '.



' അപ്പച്ചാ എനിക്ക് വേദനിക്കുന്നപ്പച്ചാ.."
അതുകേട്ടതും പാപ്പച്ചന്റെ കണ്ണുനിറഞ്ഞു . ഇല്ല മോളെ ,
എന്റെ മോൾക്കൊന്നുമില്ല . ഡോക്ടർ വന്നിട്ട് ഒക്കെ ശരിയാക്കും...
എന്നിട്ട് നമ്മൾക്ക് വീട്ടിൽ പോകാം '.
'അപ്പച്ചാ , ഞാൻ മരിക്കുവോ അപ്പച്ചാ .. എനിക്ക് വല്ലാണ്ട് വേദനിക്കുന്നു,
സഹിക്കാൻ കഴിയുന്നില്ല '.
പാപ്പച്ചൻ ഡോക്ടറേ എന്ന് വിളിച്ചോടി ..
' ഡോക്ടറേ , എന്റെ മോൾക്ക് തീരെ കഴിയുന്നില്ല , ഒന്ന് വന്നുനോക്ക് ഡോക്ടറേ ..'
' ആഹ് . ഞാൻ വരാം '.
അവർ തിരിച്ചെത്തിയെപ്പോഴേക്കും അവൾ വിടപറഞ്ഞിരുന്നു .
പാപ്പച്ചൻ അവളുടെ അടുത്തിരുന്ന് നിലവിളിച്ചു കരഞ്ഞു .
'എണീക്ക് മോളെ ...'
ആ വിളി അവൾ കേട്ടില്ല . അവൾ ഒരു ചെറുപുഞ്ചിരിയുമായി വിടപറഞ്ഞു കഴിഞ്ഞിരുന്നു .
ദൂരെനിന്നു വണ്ടിയുടെ ശബ്ദം കേട്ട് , ക്ഷീണിച്ചുവരുന്ന
മകൾക്കും ഭർത്താവിനും ഭക്ഷണം മേശയിൽ ഒരുക്കിവെച്ച് മറിയ ഓടിയെത്തി .
അമ്മേ എന്നു വിളിച്ച് ഓടിവരുന്ന മകളെയല്ല അവർക്ക് അവിടെ കാണാനായത്.
ഒരു വെള്ളത്തുണിയിൽ പൊതിഞ്ഞ തന്റെ മകളെയായിരുന്നു .
അവർ ആ കാഴ്ച കണ്ടവിടെ വീണുപോയി . പാപ്പച്ചൻ അവരെ ഓടിപ്പോയി പിടിച്ചു .
' നിങ്ങൾ എന്നോട് പറഞ്ഞത് .....'
' എന്നോട് ക്ഷമിക്ക് , എനിക്ക് അതുപോലെ നമ്മുടെ മോളെ തിരിച്ചുകൊണ്ടുവരാൻ
കഴിഞ്ഞില്ല എന്റെ മറിയേ ' എന്ന് പറഞ്ഞുകൊണ്ട് പാപ്പച്ചൻ കൂടെ കരഞ്ഞു .
ഇനി അവർക്ക് കൂട്ടായി അവർ മാത്രം .അതിനിടെയിൽ
ഒരു ചെറിയ പട്ടിക്കുട്ടി ഒച്ചവെക്കുന്നതായി കണ്ടു .
അതെ , അവൾ രക്ഷപ്പെടുത്തിയ ആ ജീവൻ .
ഒരു ജീവനുവേണ്ടി സ്വന്തം ജീവൻ കൊടുത്ത
ഒരു വലിയ മനസ്സായിരുന്നു അവളുടേത്



# ഉപദേശം

ഡോ.മനീഷ് അഹമ്മദ്

കുന്നംകുളത്തെ ഒരു പ്രമുഖ ഡെന്റൽ ക്ലിനിക്കിൽ ഒരു രോഗി ക്ലീനിങ്ങിനായി വന്നു. പറ്റയായി വെട്ടിയ മുടിയും കുറ്റിതാടിയുമുള്ള, ആറടിയോളം പൊക്കം വരുന്ന ആരോഗ്യ ദൃഢഗാത്രനായ ഒരു യുവാവായിരുന്നു രോഗി. രോഗിയെ പരിചരിച്ചത് ആയിടയ്ക്ക് ക്ലിനിക്കിൽ പുതുതായി ജോലിക്ക് കയറിയ യുവതിയായ ഡന്റിസ്റ്റ്. പുറമെ പരുക്കനും അധികം മിണ്ടാട്ടമില്ലാത്ത ഗൗരവക്കാരനുമായിരുന്നു രോഗി, അയാളുടെ തനിപകർപ്പെന്ന പോലെ വീതിയുള്ള ചതുരൻ പല്ലുകൾ. അവ പുകയിലയും പാനും ചവച്ചുണ്ടായ കറകൊണ്ട് ചിത്രപ്പണികൾ ചെയ്തവയായിരുന്നു. പുകവലിച്ചുണ്ടാക്കിയ വിശിഷ്ടമായ നിറങ്ങളുടെ വലിയൊരു `ക്യാൻവാസ്'.

പഠിച്ചിറങ്ങിയതിന്റെ ആവേശം വേണ്ടുവോളമുണ്ടായിരുന്ന അവർ തന്റെ ജോലി ഇത്തിരി പണിപ്പെട്ടാണെങ്കിലും തീർത്തു. ചികിത്സ കൊണ്ട് മാത്രം തീരുന്നതല്ലല്ലോ ഒരു ഡോക്ടറുടെ കടമ. ഈ രോഗിയെ കാര്യമായി തന്നെ ഉപദേശിക്കേണ്ടതുണ്ട് എന്നവർക്ക് തോന്നി. പുകയില ഉപയോഗം ഉണ്ടാക്കുന്ന ദന്തരോഗങ്ങളും, അവ വരുത്തിവെക്കാനിടയുള്ള മറ്റ് മാരക രോഗങ്ങളെ കുറിച്ചെല്ലാം ആദ്യം ശാസ്ത്രീയമായി പറഞ്ഞു തുടങ്ങി അവർ.
പിന്നീട് ഉപദേശത്തിലേക് കടന്നു. മുന്നിലിരിക്കുന്ന രോഗിയിൽ നിന്ന് തിരിച്ച് പ്രതികരണമൊന്നുമില്ലാത്തതുകൊണ്ട് ഉപദേശം അങ്ങനെ കാടുകയറി. ഒരവസരത്തിൽ തന്റെ മുന്നിലിരിക്കുന്ന രോഗിയുടെ ആകാരവലിപ്പമൊക്കെ അവർ മറന്നു. ഡോക്ടറാണെന്ന ചെറിയ സ്വാതന്ത്ര്യമെടുത്ത് അൽപ്പം ശകാരവും ശാസനയും പ്രയോഗിച്ചു.



ഇതിനെല്ലാം പ്രതികരണമായി രോഗി അമർത്തിയൊന്ന് മൂളുകമാത്രം ചെയ്തു. ഒരു കാട്ടുപോത്തിന്റെ മുരൾച്ച പോലെ അത് ഡോക്ടറുടെ ചെവിയിൽ പതിച്ചു. അവർ അപ്പോഴാണ് അയാളുടെ ശബ്ദം ശ്രദ്ധിക്കുന്നതുതന്നെ.
അയാളുടെ കലങ്ങിയ ചോരകണ്ണുകളും അവർ അപ്പോൾ കണ്ടു.
റിസപ്ഷനിൽ പണം കെട്ടി അയാൾ ക്ലിനിക്കിന്റെ പുറത്ത് കടന്നപ്പോഴാണ് ഡോക്ടർ ആലില പോലെ നിന്ന് വിറക്കുന്ന അറ്റന്റർറെ കാണുന്നത്.
'എന്തൂട്ട് പണിയാ എന്റെ ഡോക്ടറേ കാണിച്ചത്' അറ്റന്റർ പറഞ്ഞു.
'എന്തുപറ്റി സിസ്റ്റർ?!' ഡോക്ടർ തിരിച്ച് ചോദിച്ചു. ഉപദേശിച്ചപ്പോൾ ഏതെങ്കിലും പോയിറ്റ് വിട്ടുപോയോ എന്നോർത്തു.
വരണ്ട തൊണ്ടയിലേക്ക് ഉമിനീർ വിഴുങ്ങി അറ്റന്റർ പറഞ്ഞു:
'കുന്നളത്തെ നമ്പർവൺ ഗുണ്ടേടനേണ് മേഡം ഇപ്പോ ഡോസ് കോട്ത്ത് വിട്ടത്!!'
കാലം പലതും കഴിഞ്ഞു. ഉപദേശം കൊണ്ട് നന്നായ ഒരു ഗുണ്ടയും ലോകചരിത്രത്തിൽ ഇല്ലാത്തതുകൊണ്ട് അയാളിൽ മാറ്റങ്ങളൊന്നും ഉണ്ടായെന്ന് കരുതാൻ കഴിയില്ല. ഡോക്ടർ എന്നാൽ പിന്നീടുള്ള ഉറക്കം നഷ്ടപ്പെട്ട ഒന്നുരണ്ട് രാത്രികൾ കൊണ്ട് പുസ്തകത്തിലില്ലാത്ത പല സത്യങ്ങളും പഠിച്ചു. അവർ രോഗികളെ എന്നല്ല ആരേയും ഉപദേശിക്കാതെയായി. ഇപ്പോഴും അവർ അരിമാർക്കറ്റിന്റെ മുന്നിലൂടെ പോകുമ്പോൾ 'എന്നെ ഉപദേശിക്കാൻ നീ ആരാടീ' എന്നലറിക്കൊണ്ട് തന്റെ മുന്നിലേക്ക് ചാടിവീഴാൻ പോകുന്ന ഭീമാകാരമായ ആ രൂപത്തെ ഭയക്കുന്നു.

# മഴയാകുന്നവർ

ഡോ.രതീഷ്

മഴത്തുള്ളികളുടെ ഭാഷയെ
എപ്പോഴെങ്കിലും നിങ്ങൾ
വിവർത്തനം ചെയ്തിട്ടുണ്ടോ!

തിർത്തും അപരിചിതരായ
ഒരായിരം പേർ തമ്മിൽ
പരിചയപ്പെടുന്നതു കാണാം.
എങ്ങോ കണ്ടു മറന്നവർ
വീണ്ടും ഒന്നാവുന്നതും
പോയകാല വിശേഷങ്ങളത്രയും
ക്ഷണമാത്രയിൽ
പങ്കുവെക്കുന്നതും
പിന്നീടവർ പലവഴി പലതായി
പിരിഞ്ഞൊഴുകുന്നതും കാണാം.
കണ്ടിട്ടും കാണാതെ ചിലർ
അവിടിവിടങ്ങളിൽ
തങ്ങി നിൽക്കുന്നതും
മഴയ്ക്കു ശേഷവും തുടരുന്ന
മരപ്പെയ്ത്തും കാണാം...
മഴയും മനുഷ്യരും ഒരുപോലാണെന്ന്
പണ്ടാരോ പറഞ്ഞു വെച്ചിട്ടുണ്ടത്രെ !





നാജിയ

# മോളെവിടെ

മഴയും ഇരുട്ടും ഒന്നിച്ചു മണ്ണിലേക്ക് ഇറങ്ങിയ രാത്രിയെ വകഞ്ഞു മാറ്റി അയാൾ വീട്ടിലേക്ക് കയറി. ഉമ്മറത്തെ വാതിൽ തുറന്നിട്ടിരിക്കുകയാണ്. ടീ.വി യുടെ ശബ്ദവും കേൾക്കാം. 'കുഞ്ഞൂ...... ആ തോർത്ത് ഇങ്ങെടുത്തെ... 'നിശബ്ദതയെ ഭേദിക്കാൻ മഴക്ക് കൂട്ടായി ഒരിടി കൂടി വെട്ടി. 'കുഞ്ഞൂ... അയാൾ വീണ്ടും വിളിച്ചു. ഉത്തരമൊന്നുമില്ലാതായപ്പോൾ ചെളിപുരണ്ട  കാലുകളുമായി അയാൾ അകത്തേക്ക് കയറി. അയാളിലെ ഈർപ്പം ആ വീടിനുള്ളിലും മഴയായി പെയ്തു. അവിടെ കെട്ടിനിന്ന അഗ്നിയെ ശമിപ്പിക്കാനായില്ലെങ്കിലും അയാളവിടെ നിന്നു പെയ്തു. അയാൾ വീണ്ടും വിളിച്ചു 'കുഞ്ഞൂ.....'പക്ഷേ ശബ്ദം തൊണ്ടക്കുഴിയിൽ കിടന്ന് പിടഞ്ഞു. വീണ്ടെടുത്ത ശബ്ദത്തെ കയ്യിലൊതുക്കിക്കൊണ്ട് അയാൾ അലറി 'കുഞ്ഞൂ....'മഴയെ ഭേദിച്ച് അലയടിച്ച ശബ്ദത്തെ തിരഞ്ഞു പലരുമെത്തി, കേട്ടറിഞ്ഞു വേറെയും ചിലരെത്തി. 'കുഞ്ഞു എന്ത്യേ....?' എന്ന ചോദ്യത്തെ പോലും ഇരുട്ടിലാക്കിക്കൊണ്ട് അവിടെ ഇരുട്ട് പരന്നു. ഏവരും തലങ്ങും വിലങ്ങുമോടി.'

'അതേ പ്രശാന്ത്, കുറുക്കൻ മലയിലെ കാണാതായ പെൺകുട്ടിയെ ഇന്ന് പുലർച്ചെയാണ് സ്വദേശത്തെ ആശുപത്രിയിൽ അർദ്ധനഗ്നയായി കണ്ടെത്തിയത്. കുട്ടിയെ കാണാതായി ഇന്നേക്ക് നാലു ദിവസമാകുന്നു. കുട്ടിയും പിതാവും തനിച്ചായിരുന്നു താമസം. ജോലി കഴിഞ്ഞ് രാത്രി പത്തരയോടെ വീട്ടിലെത്തിയ പിതാവാണ് കുട്ടിയെ കാണാനില്ല എന്ന വിവരം ആദ്യമായി മനസ്സിലാക്കിയത് . പ്രാഥമിക പോലീസ് അന്വേഷണത്തിൽ യാതൊരു പുരോഗമനവും ലഭിച്ചിരുന്നില്ല.പെൺകുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥയെ പറ്റി പ്രതികരിക്കാൻ ആശുപത്രി അധികൃതർ തയ്യാറാകുന്നില്ല പ്രശാന്ത് '. ഇതും പറഞ്ഞ് അയാൾ ശ്വാസം നീട്ടി വിട്ടു. 'ക്യാമറ ഓഫ് ചെയ്തില്ലെടോ....?'

'ഉവ്വ്  ഉവ്വേ 'ചിരിച്ചു കൊണ്ടൊരു തല പുറത്തേക്ക് വന്നു. എന്നാ താൻ വാ നമുക്കൊരു  ചായ കുടിക്കാം. 'ഇതും പറഞ്ഞ് അവർ ആശുപത്രി ക്യാന്റീനിലേക്കു നടന്നു. ചൂട് ചായ ഊതി കുടിക്കുന്നതിനിടയിൽ ആ ക്യാമറമാൻ  ചോദിച്ചു 'ചേട്ടന് എന്ത് തോന്നുന്നു...?, വല്ല എക്സ്ക്ലൂസിവിനുള്ള വകുപ്പുമുണ്ടോ?'

'എന്തോന്ന് എക്സ്ക്ലൂസീവ്! ഇത് പീഡനം തന്നെ. പിന്നെ അവൾക്ക് വല്ല സ്വഭാവദൂഷ്യമുണ്ടോന്ന് നോക്കാം. പിന്നെ തള്ള ഇല്ലാത്തത് അല്ലെ അവർ എവിടെ പോയി എന്നുള്ളതിന് ആർക്കും ഒരുത്തരോം ഇല്ല. അതിനെന്തോന്നടോ അർത്ഥം? '

'ഓ..... ക്യാമറാമാൻ വീണ്ടും ചിരിച്ചു. തള്ള വേലിചാടിയാ.... അല്ലെ സാറെ..
'അവർ കാശും കൊടുത്ത് എഴുന്നേറ്റ് നടന്നു.

പൊടുന്നനെ ആണ് തൊട്ടടുത്ത മേശയിലിരുന്ന ഒരാൾ അവർക്കടുത്തേക്ക് പാഞ്ഞടുത്തത്. ക്യാമെറമാന്റെ കോളറിൽ പിടിച്ചവൻ താഴെയിട്ടു. അവന്റെ നെഞ്ചിൽ കയറിയിരുന്നു ആഞ്ഞടിച്ചു. ആരൊക്കെയോ കൂടി അയാളെ പിടിച്ചുമാറ്റി. അബദ്ധം മനസ്സിലായ അവതാരകനും ക്യാമെറമാനും അവിടെ നിന്നും മെല്ലെ സ്ഥലം വിട്ടു. അടുത്തൊരു ലോഡ്ജിലാണ് രണ്ടുപേരും താമസം. കിടക്കുന്നിടത്തു നിന്ന് അയാൾ നിരങ്ങുന്നതും മൂളുന്നതുമൊക്കെ കേട്ടാണ് അവതാരകൻ എഴുന്നേറ്റത്. കുറച്ചു വെള്ളം കുടിച്ച് വീണ്ടും പറ്റിയ മെത്തയിലേക്ക് കിടന്നു. പക്ഷെ..... ഉറങ്ങാനാകുന്നില്ല. എന്തെന്നറിയാത്ത വിമ്മിഷ്ടം. അയാൾ എഴുന്നേറ്റ് വസ്ത്രം മാറി ആശുപത്രിയിലേക്ക് നടന്നു. ഐ. സി. യുവിനു മുമ്പിൽ തന്നെ അയാളുണ്ട്.. 'സാർ ...'അവൻ വിളിച്ചു. ചോരപ്പാടുകൾ മുറ്റിനിൽക്കുന്ന ആ കണ്ണിലെ അഗ്നി അയാളെ ദഹിപ്പിക്കുമെന്ന് തോന്നിയെങ്കിലും അയാൾ പിടിച്ചുനിന്നു. വീണ്ടെടുത്ത സ്വല്പം ധൈര്യത്തിൽ അയാൾ പറഞ്ഞു 'സോറി സാർ...' അയാൾ പൊട്ടിക്കരയാൻ തുടങ്ങി. തന്റെ മുഖത്തേക്ക് പോലും നോക്കാതെ അയാൾ പറയാൻ തുടങ്ങിയപ്പോൾ പതിയെ അയാളവിടെ ഇരുന്നു .. 'തനിക്കറിയോ, എന്റെ രമണി എനിക്കെന്റെ കുഞ്ഞൂനെ തന്ന് അന്ന് പോയതാ... എല്ലാവരും പറഞ്ഞു വീട്ടുകാരെ നിഷേധിച്ചു കെട്ടിയതിന് ദൈവം കൊടുത്തതാന്ന്... എന്റെ കൊച്ചിനെ 'തള്ളയെ കൊന്നവൾ 'എന്ന് എല്ലാവരും എല്ലാവരും വിളിക്കുന്നത് കാണാനുള്ള ശക്തി ഇല്ലാത്തോണ്ടാ അവളേം നെഞ്ചിൽ അടക്കി ഞാനിങ്ങു പോന്നത്. എന്റെ രമണിയെ ഞാൻ പിന്നെ ഓർത്തിട്ടെ ഇല്ലെടോ.. അത്രയും കുഞ്ഞു എന്റെ ജീവിതം മാറ്റി, അവളുടെ കളിയും ചിരിയും വളർച്ചയും കണ്ട് കണ്ട് ദിവസവും കാലവും പോകുന്നത് ഞാൻ അറിഞ്ഞേയില്ല. കുഞ്ഞിനെ കാണാനില്ലെന്ന് ഞൻ അറിഞ്ഞ ആ നിമിഷമുണ്ടല്ലോ.. അന്ന് നിലച്ചതാണ് എന്റെ കാലചക്രം. ഇന്ന് പോലീസിന്റെ മൊഴിയെടുപ്പ് കൂടി കഴിഞ്ഞപ്പോൾ എന്റെ ഘടികാരം നിലത്തു വീണുടഞ്ഞു.

പെണ്ണിന് പച്ചമാംസത്തിന്റെ വിലപോലും കൊടുക്കാത്ത കാപാലികരുടെ ലിംഗത്തിന്റെ രുചിയറിഞ്ഞ അവളുടെ ശരീരത്തോട് അവൾക്ക് തന്നെ വെറുപ്പ് തോന്നുന്നുവെന്ന് അച്ഛനെ പോലും കാണുമ്പോൾ എന്റെ കുഞ്ഞു കരയുവാടോ...' അത് പറഞ്ഞതും ആയാളും ശബ്ദമിടറി പൊട്ടി പൊട്ടി കരയാനാരംഭിച്ചു... അവതാരകൻ അയാളെ ആശ്വസിപ്പിച്ചില്ല തിരിഞ്ഞു നോക്കിയില്ല.. എന്തിന് ഒന്ന് അനങ്ങിയത് പോലും ഇല്ല. ഒരു ശില പോലെ ഇരുന്നു. അയാളുടെ ഘടികാരവും നിശ്ചലമായിരുന്നു. പെട്ടന്നാണ് ക്യാമറാമാൻ പയ്യൻ അയാളെ തട്ടി ഉണർത്തിയത്. 'സാറേ.. ഇതെപ്പോ ഇങ്ങോട്ട് വന്നു..വല്ല എക്സ്ക്ലൂസിവിനുള്ള വകുപ്പുമുണ്ടോ..? അവൻ ആകാംക്ഷയോടെ ചോദിച്ചു.
അയാൾ മെല്ലെ എഴുന്നേറ്റ് ഫോണെടുത്തു.
അല്പം മാറി നിന്ന് വിറയാർത്ത ശബ്ദത്തിൽ ചോദിച്ചു.. 'പ്രിയ... മോളെവിടെ...?'..





# ചില പണിപാളിയ നിമിഷങ്ങൾ

സിൻസിയ

ജീവിതം : കുറേ പണി എടുത്തും, അതിനിരട്ടി പണി ഇങ്ങോട്ട് മേടിച്ചു കൂട്ടിയും, ഉരുണ്ടു നീങ്ങുന്ന ഒരു ശകടം...!
ആ ശകടത്തിലെ സഞ്ചാരത്തിൽ ഒരു BDS വിദ്യാർത്ഥി എന്ന നിലയിൽ, നമുക്ക് മാത്രം ചില നേരങ്ങളിൽ `ച്ളിക്കോം പ്ലിക്കോം` എന്ന് ഹൃദയം പൊട്ടി വീഴുന്ന, പണി പാളിയ നിമിഷങ്ങൾ.......

1. നല്ല ചന്തത്തില് B- wax block വച്ച് ഒരു അടിപൊളി 'canine' carve ചെയ്ത് എടുത്തനേരം....
മനസ്സിൽ ഒരു പെരുന്തച്ചൻ ആണെന്ന് സ്വയം അനുമാനിച്ച് അഭിമാനത്തോടെ അവസാനത്തെ Polishing മിനുക്കുപണികൾ ചെയ്യുമ്പോൾ...,
അപ്പോഴാണ് അത് സംഭവിച്ചത്..
ദേ കിടക്കുന്നു.... crown-Dw-, Root-Dw വെവ്വേറെ കഷ്ണങ്ങൾ ആയിട്ട്...!.
നെഞ്ചു തല്ലി കരയാൻ പോലും പറ്റാതെ frustration കടിച്ചമർത്തിയ പണിപാളിയ നിമിഷം.... !

2. നാഡീ ഞരമ്പിലെ സർവ ഊർജ്ജവും ഊറ്റി എടുത്ത്, ഒരിക്കലും നേരെയാവാത്ത shellac ന്റെ മുകളിൽ ഒരു വൻ മൽപ്പിടുത്തം നടത്തി, ചൂടുവെള്ളത്തിലും, തീയിലും കൈയും, മേലും പൊള്ളിച്ച് അവസാനം ഒരു വിധം അതൊന്നു ആ Cast ന്റെ മുകളിൽ adapt ചെയ്ത് sign മേടിക്കാൻ നിൽക്കുന്നതിന്റെ തൊട്ടു മുന്നത്തെ ആ മില്ലി സെക്കൻഡിൽ shellac-Dw- cast- Dw- ആലുവ ചന്തേല് കണ്ട പരിചയം പോലും ഇല്ലാത്ത ആൾക്കാരെ പോലെ, ഒരു ബന്ധവും ഇല്ലാതെ നമ്മളെ നോക്കി പുച്ഛിച്ച നേരം.... !



3. രാത്രി ഉടനീളം കഷ്ടപ്പെട്ട്, TMT STEEL BAR കമ്പനിയുടെ ഉടമക്കുപോലും ഇല്ലാത്ത അത്രേം ആത്മാർത്ഥതയോടുകൂടി, കിട്ടിയ gauge wire വച്ച് എത്ര അളന്നാലും ശരിയാകാത്ത bridge ഉം, എങ്ങനെ തിരിച്ചാലും വളച്ചാലും ഒരു കാലത്തും നന്നാവാത്ത arrow head ഉം ഒടുവിലത്തെ ഒരു നീണ്ട നീണ്ട... നീണ്ട... പരിശ്രമത്തിനു ശേഷം, വിജയം ഉറപ്പിച്ച്, ഒരു നവജാത ശിശുവിനെ എന്ന പോലെ, staff -nu മുന്നിൽ സമർപ്പിച്ച്..., ഇതാണോടോ Adam's Clasp എന്ന് പറഞ്ഞു reject ചെയ്തപ്പോൾ..., Action Hero Biju movie യിൽ സുരാജ് വെഞ്ഞാറമൂട് പറയണ പോലെ..., 'പറ്റിക്കാനാണേലും ഇങ്ങനെ ഒന്നും പറയല്ലേ സാ..റേ..' എന്ന് ഉള്ളിൽ വിങ്ങിപ്പൊട്ടിക്കൊണ്ട് ortho steps ഇറങ്ങിയ നേരം...

4. 'ഇതിലും നല്ല പട്ട്... Sorry 'പണി' ഇനി സ്വപ്നങ്ങളിൽ മാത്രം' എന്ന മട്ടിലാണ് അടുത്തത്....
വാർക്കപ്പണിക്കാരെക്കാൾ കഷ്ടത്തിൽ ചെകഞ്ഞു കുത്തി ഉണ്ടാക്കിയ RPD, Patient ന്റെ വായയിൽ വച്ച് ചില അ..റ.. റ.. കു.. റ.. റ.. പണികൾ..
മനസിലായില്ലേ ???
അറ്റകുറ്റ പണികളെയ്...
അതു ചെയ്യാൻ വേണ്ടി എടുത്തപ്പോൾ, Ranger സായിപ്പിനെ ഈപ്പച്ചൻ ഒറ്റ വെട്ടിനു രണ്ടു തുണ്ടാക്കിയ പോലെ, ഒരൊറ്റ trimming നു denture രണ്ടു കഷ്ണമായി കൈയ്യിൽ കിടന്ന ഒടുക്കത്തെ നിമിഷം...!

5. ഇനി ഇതൊക്കെ പോട്ടെ... 'സർവ്വം illuminati മയം' എന്ന് പറയണ പോലെയാണ് ചില കാര്യങ്ങൾ...
എടുത്ത് വച്ച probe ഉം carver ഉം ഒന്ന് തിരിയുമ്പോഴേക്കും കാണാതെ ആവുക..
ഒരൊറ്റ നിമിഷം കൊണ്ടു നീല bowl പച്ച bowl ആവുക....
ആരോ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന സ്വന്തം mackintosh sheet....
ആരോ തല്ലിപ്പൊട്ടിച്ച അവസ്ഥയിൽ ബെട്ടി ഇട്ട ബായ തണ്ട് പോലെ കെടക്കണ Locker ന്റെ കിടപ്പ്...
എങ്ങാണ്ടൊക്കെയോ തീർത്ഥാടനം നടത്തുന്ന Record books....
എത്ര എടുത്തുവച്ചാലും കാണാതെ പോകുന്ന assignment ബുക്കും, Sign ബുക്കും....
അങ്ങനെ അങ്ങനെ എന്തെല്ലാമോ എന്തൊക്കെയോ നടക്കുന്നുണ്ട്...
ഇതിന്റെ എല്ലാം നടുവിൽ 'ജാങ്കോ നീ അറിഞ്ഞോ... ഞാൻ പെട്ടു..!' എന്ന 3G അവസ്ഥേല്
പണി പാളിയ നിമിഷങ്ങളിലൂടെ നമ്മളും...!
'എന്താലേ...! എത്ര മനോഹരമായ ആചാരം !'

# ഇരുൾവെളിച്ചം

ചിന്തകൾ പൂക്കുന്നിടം

വെളിച്ചമേ, നീ
സത്യമാണ് നന്മയാണ്
നിന്നിലെ  പ്രകാശത്തിന്റെ
രശ്മിയാണ് ഇന്നെന്റെ
കാഴ്ചകളെല്ലാം  .
കാലചക്രത്തിന്റെ അനന്തമായ
യാത്രകളിൽ നിന്നിലെ  നന്മയാണ് എന്റെ
വഴിതെളിച്ചത്
ഇരുൾമൂടിയ  ചിലയാത്രകളിൽ നിന്നിലെ
പ്രകാശത്തിനായി ഞാൻ
കൊതിച്ചിരുന്നു  .
എന്തിനേറെ, യാഥാർത്ഥ്യങ്ങൾ കുഴിച്ചുമൂടപെട്ടപ്പോൾ
നിനക്ക് മുകളിൽ വിജയം കണ്ടത് അവനായിരുന്നു..
മാനവികരാശിയെ ഒന്നടങ്കം കൺകെട്ടിമൂടിയ
വിദഗ്ദ്ധൻ, 'ഇരുട്ട്
നിന്നിലെ തിന്മയെ ഒരുനാൾ പ്രകാശരശ്മികൾ
വന്ന് കെട്ടിവലിഞ്ഞുമുറുക്കും..
അന്ന് നീ അഗ്നിവ്യൂഹത്തിൽ അകപ്പെട്ടപോലെ
എരിഞ്ഞുതീരും.
ആൽമരത്തിൽ തൂങ്ങിയാടിയ സ്ത്രീത്വത്തിന്റെ വെളിച്ചം
നാളെ നിന്നെ ചാട്ടവാറുകൾ കൊണ്ട് മുറിവേല്പിക്കും..
നന്മയായി വെളിച്ചമേകേണ്ട നീതിപീഠത്തേയും നീ ഇരുട്ടിലാക്കി.
നന്മയും തിന്മയും, ഇരുളും വെളിച്ചവും,
കാലചക്രത്തിലെ ഇതിഹാസങ്ങളുടെ ഇരുതലങ്ങൾ.
  ഇരുൾവെളിച്ചം   അഭേദ്യമായ പദങ്ങൾ .
ഇനി വിപ്ലവങ്ങൾ കുറിക്കപ്പെടട്ടെ
ഇരുട്ടിനുമേൽ പ്രകാശത്തിന്റെ വെളിച്ചം പരക്കട്ടെ
തിന്മക്കുമേൽ നന്മകൾ വിജയം കൊയ്യട്ടെ
മാനവികമൂല്യങ്ങൾ വാഴ്ത്തപ്പെടട്ടെ വരുംകാലമെങ്കിലും .




# താത

അമലുപ്രിയ



പതിവ് പോലെ അയാൾ പ്രഭാതസവാരി കഴിഞ്ഞ് വീട്ടിൽ വന്നു. മകളോട് ചായ എടുക്കാൻ പറഞ്ഞ് പത്രം വായിക്കാൻ എടുത്തു. കുറച്ചു നേരം കഴിഞ്ഞപ്പോൾ അയാൾ പത്രത്തിലേക്ക് തന്നെ നോക്കി നിശബ്ദനായി ഇരുന്നു. അയാളുടെ മനസ്സ് ഒരു അൻപത് വർഷങ്ങൾ പുറകിലേക്ക് സഞ്ചരിച്ചു.



പട്ടാളക്കാരനായ അയാൾ ലീവിന് വന്നതായിരുന്നു. നാട്ടിൽ ഉത്സവം നടക്കുന്ന സമയമായിരുന്നു അത്. കൂട്ടുകാരോടൊപ്പം അവിടെ നിൽക്കുമ്പോഴായിരുന്നു ആ മുഖം അയാൾ കണ്ടത്. ഇത് വരെ താൻ നാട്ടിൽ കണ്ടിട്ടില്ലാത്ത ഒരു മുഖം. പിറ്റേന്ന് ചന്ദ്രേട്ടന്റെ ചായക്കടയിൽ നിന്നപ്പോൾ ഒരു ചെറിയ ആൺകുട്ടിയുമായി അവൾ ആ കടയിലേക്ക് വന്നു. ചന്ദ്രേട്ടനോട് അതാരാണെന്നു അന്വേഷിച്ചപ്പോൾ പുതുതായി താമസം മാറിവന്ന ആളുകൾ ആണെന്ന് അറിഞ്ഞു.
തന്റെ കൂട്ടുക്കാരെക്കൊണ്ട് സകല വിവരങ്ങളും തപ്പിയെടുത്തു.

പേര് സരസ്വതി, ടൈപ്പ്റൈറ്റിംഗ് പഠിക്കുന്നു. അച്ഛൻ, അമ്മ, അനിയൻ ഉണ്ട്. അച്ഛൻ ഇവിടത്തെ സ്കൂളിൽ മാഷായിട്ട് നിയമനം ലഭിച്ച് വന്നതാണ്. തിരിച്ച് പോകുന്നതിന് മുന്നേ തന്നെ എങ്ങനെയും തന്റെ മനസ്സിൽ ഉള്ളത് അവളെ അറിയിക്കണമെന്ന് അയാൾ ഉറപ്പിച്ചു. പക്ഷെ താൻ ആരാണെന്ന് പോലും അവൾക്കറിയില്ല. ഒടുവിൽ അവൾ ടൈപ്പ് റൈറ്റിംഗ് കഴിഞ്ഞ് വരുന്ന വഴിയിൽ കാത്തു നിന്നു. തന്റെ മനസ്സിൽ ഉള്ളത് മുഴുവൻ തുറന്ന് പറഞ്ഞു. മറുപടി സമയമെടുത്തു പറഞ്ഞാൽ മതിയെന്നും പറഞ്ഞ് തന്റെ ജോലിസ്ഥലത്തെ വിലാസവും കൊടുത്തുപോയി.

പിറ്റേന്ന് അയാൾ മടങ്ങി. കുറച്ചു നാളുകൾക്കു ശേഷം അയാൾക്കൊരു കത്ത് ലഭിച്ചു. സന്തോഷം കൊണ്ട് അയാളുടെ കണ്ണുകൾ നിറഞ്ഞു. പരസ്പരം കത്തുകളിലൂടെ അവർ തങ്ങളുടെ സ്നേഹം കൈമാറി. വീണ്ടും നാട്ടിൽ എത്തിയപ്പോൾ അവർ സംസാരിച്ചു, സ്വപ്നങ്ങൾ പങ്കുവച്ചു. പിന്നീട് യുദ്ധത്തിന്റെ സമയമായതിനാൽ അയാൾക്ക് ആ വന്ന കത്തുകൾക്കൊന്നും മറുപടി കൊടുക്കാനായില്ല. പതിയെ പതിയെ കത്തുകളുടെ എണ്ണം കുറഞ്ഞു. ഒടുവിൽ അവ ഇല്ലാതായി. അയാൾ നാട്ടിൽ വന്ന് അന്വേഷിച്ചപ്പോൾ സരസ്വതിയും അവളുടെ കുടുംബവും അവിടെ നിന്ന് മാറിപ്പോയി എന്നറിഞ്ഞു.
ഒരുപാട് അയാൾ അന്വേഷിച്ചു. ഒരു വിവരവും ലഭിച്ചില്ല.
ഒടുവിൽ അയാളും ഒരു ജീവിതപങ്കാളിയെ കണ്ടെത്തി.
പുതിയ ജീവിതം തുടങ്ങി.

' അച്ഛാ ചായ ' മകളുടെ ശബ്ദം കേട്ട് അയ്യാൾ തന്റെ ഓർമകളിൽ നിന്ന് തിരിച്ചെത്തി. അപ്പോഴും അയാൾ നോക്കികൊണ്ടിരുന്നത് ചരമകോളത്തിലെ ആ പടത്തിലായിരുന്നു.
'പേര് സരസ്വതി വയസ്സ് 67'.

# സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ



ഓർമ്മയുടെ ഞരമ്പുകൾ ' എന്ന ചെറുകഥയിൽ തുടങ്ങി, 'ആരാച്ചാർ ' എന്ന ബൃഹദ് നോവലിലേക്ക് വികസിച്ച കെ ആർ മീരയുടെ ഏറ്റവും പുതിയ നോവലാണ് 'സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ '.

ബൈബിളിലെ ജെസബെൽ എന്ന കഥാപാത്രത്തെ ആധുനിക കാലത്തെ ജെസബെല്ലിലൂടെ കാണിക്കുകയാണ് കെ.ആർ മീര .

'പീഡനങ്ങൾ മറികടക്കാൻ ക്രിസ്തുവായി സങ്കല്പിച്ചാൽ മതി ' എന്നതാണ് എനിക്ക് ഇഷ്ട്ടപെട്ട വാചകം . നമുക്ക് പ്രിയപ്പെട്ടവർ നമ്മളെ വേദനിപ്പിക്കുമ്പോൾ തന്നെ സ്വയം യേശു ക്രിസ്തുവായി സങ്കല്പിക്കുകയും നമ്മളെ മനുഷ്യർ ഒറ്റപ്പെടുത്തുമ്പോൾ അതൊരു ചാട്ടവാറടിയായോ അല്ലെങ്കിൽ താൻ ഗോൽഗോഥാ മല കയറുകയാണെന്നോ അല്ലങ്കിൽ അവർ നമ്മളെ എത്ര അടിച്ചുതാഴ്ത്തിയാലും നമ്മൾ നിലത്തുവീണാലും നമ്മൾ മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കും എന്ന് വിചാരിച്ചാൽ ഈ പീഡനങ്ങളൊക്കെ കഴിവ് നമുക്ക് ലഭിക്കും എന്നതാണ് ഇതിലൂടെ കാണിക്കുന്നത് .

എം ബി ബി എസ് കഴിഞ്ഞ പീഡിയാട്രിക്സിൽ എം.ഡി ചെയ്യുന്ന ജെസബെല്ലിന് മറ്റൊരു കല്യാണാ ലോചന വരുകയും, അവനെ കണ്ടതും മറ്റൊന്നും നോക്കാതെ അവനാണ് തന്റെ പുരുഷൻ എന്ന് ഉറപ്പിക്കുകയുമാണ് ജെസബെൽ.

പക്ഷെ ആദ്യ കൂടിക്കാഴ്ച്ചയിൽ തന്നെ ജെറോമിന്റെ അച്ഛനായ ജോർജ്, അവളുടെ പേരറിഞ്ഞതും , അവളുടെ പെരുമാറ്റം, പ്രവാചകരെ എതിർത്ത സ്ത്രീയുടെ പേരാണത് എന്ന് പറയുകയും ചെയ്തു . എന്നാൽ അവളുടെ അച്ഛൻ തനിക്ക് ഈ കല്യാണം നടക്കണം എന്ന് നിർബന്ധം ഒന്നുമില്ല മകളുടെ പെരുമാറ്റുകയോ സ്ത്രീധനം നൽകുകയും ചെയ്യില്ല എന്ന് ഉറപ്പിച്ച് പറയുകയും ചെയ്തു. അവളുടെ ജീവിത നേട്ടങ്ങൾ കണ്ട് പേര് പ്രശ്നമില്ല കല്യാണം നടക്കട്ടെ എന്നതിൽ എത്തുന്നു.

കഥ ഉടനീളം ജെസബൽ നമ്മളോട് പറയുന്നുവെന്നോളമാണ് കെ.ആർ മീര അവതരിപ്പിച്ചിട്ടുള്ളത് . അവൾക്ക് ദൈവം നിനക്ക് ഈ ബന്ധം ഒത്തതല്ല എന്ന് ഒരുപാട് അടയാളങ്ങൾ കാണിച്ചുകൊടുത്തെങ്കിലും അപ്പോൾ അവൾക്കത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതിലൊന്ന് അവളുടെ കല്യാണത്തിലുണ്ടായ തർക്കവും, പിന്നീട് എബിൻ എന്ന തന്റെ സഹോദരൻ ജെറോമിൽ കാണിച്ചും പറഞ്ഞതുമായ കുറവുകളുമാണ്.

ഒന്നര വർഷത്തിനുശേഷം, ഒരു കോടതിമുറിയിൽ ഡിവോഴ്സ് കേസിനായി കാണിച്ചുകൊണ്ടാണ് കഥയുടെ ആരംഭം .

ജീവിതത്തിൽ പുച്ഛവും പീഡനങ്ങളും അനുഭവിച്ച ജെസബൽ തനിക്കനുകൂലമായൊരു വിധിക്കുവേണ്ടി കോടതിയിൽ പെറ്റീഷൻ നൽകിയത്. എന്നാൽ എതിർകക്ഷിയുടെ വാദങ്ങളും ജഡ്ജിയുടെയും കാണികളുടെയും പുച്ഛവും പരിഹാസവും അവൾക്ക് ഏറ്റുവാങ്ങേണ്ടി വരുന്നു . കോടതിയിൽ ഓരോ ചോദ്യങ്ങളും അവളെ ആഞ്ഞു തറക്കും വിധമായിരുന്നു. അവർക്കുള്ള ഉത്തരങ്ങൾ നമ്മളോടെന്നോളം നോവലിൽ പറയുന്നുണ്ടെങ്കിലും, കോടതിയിൽ അവളുടെ മറുപടികൾ ഒറ്റവാക്കിൽ ചുരുങ്ങുന്നതായി കാണാം .

ഈ കഥയിൽ ബൈബിളിലെ ജെസബലും ഈ ജെസബലും തമ്മിലുള്ള സംഭാഷണങ്ങളും നീ എന്റെ സ്ഥാനത്തായിരുന്നെങ്കിൽ എന്ത് ചെയ്യുമായിരുന്നു എന്ന് ആലോചിക്കുന്നുണ്ട് .

നോവൽ ഉടനീളം ആകാംക്ഷപരിതമായി നിർത്തുമെങ്കിലും ഇഷ്ട്ടപ്പെടാത്ത ഭാഗം കഥയുടെ അവസാനത്തേക്ക് കഥ വേർതിരിച്ച് മറ്റു കഥകൾ ഉൾപ്പെടുകയും അതുകൊണ്ട് ബോറായി തോന്നുകയും ചെയ്യുന്നു .

ആൺബോധത്തിലും ആൺകോയ്മയിലും നിൽക്കുന്ന ഈ സമൂഹത്തിന്റെ മൂല്യങ്ങളെ മാറ്റിമറിക്കാൻ കഴിയും. ചരിത്രത്തിൽ ജെസബല്ലിന് എതിർത്തുനിൽക്കാൻ കഴിഞ്ഞിട്ടുണ്ട്, അതുപോലെ ഈ ജെസബെല്ലിന് കഴിയുമോ? എന്നതാണ് ഈ കഥയുടെ പ്രമേയം .

ഈ കഥയിൽ എറ്റവും നല്ല കഥാപാത്രം എന്ന് പറയുന്നത് വല്യമ്മച്ചിയാണ്. തുറന്ന സ്ത്രീ പക്ഷ ചിന്താഗതിയുള്ള ഒരു കഥാപാത്രമായിട്ടാണ് വല്യമ്മച്ചിയെ ചിത്രീകരിച്ചിട്ടുള്ളത്. ആരുമില്ലാത്ത ജസബെല്ലിന് കഥയുടനീളം ഒരു കൈത്താങ്ങായി നിൽക്കുന്നത് വല്യമ്മച്ചിയാണ് .

പെയ്തു തോർന്ന മഴക്കാലങ്ങളുടെ,
പടിയിറങ്ങിപ്പോയ വസന്തങ്ങളുടെ,
തിരിച്ചുവരവില്ലെന്നറിഞ്ഞിട്ടും,
കാത്തിരിപ്പുകൾ ബാക്കിയാക്കിയ
നിലാവെളിച്ചങ്ങളുടെയെല്ലാം ഓർമ്മകളെ
കൂടെ കൂട്ടുന്ന മനുഷ്യരുണ്ട്...
കാലാതിവർത്തിയായ ഓർമ്മകളുടെ
ഒറ്റമരപ്പെയ്ത്തുകളിൽ
അലിഞ്ഞുചേരുന്നവർ.......
എന്നെയും നിന്നെയും നമ്മളാക്കി
കരുതിവെക്കുന്നവർ......
ഓർമ്മകൾ കൊണ്ട് ജീവിക്കുന്ന അത്തരം
മനുഷ്യർക്ക്.......

DESIGN & LAYOUT
**HONEYBEE_STUDIO** - CALICUT, KERALA
honeybee_wedding_studio